# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5759 03.11.2016-ലെ മറുപടി

### കുടിവെള്ളം ലാഭിക്കുന്നതിന് ബോധവത്ക്കരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | കൃത്യമായ ഉപയോഗത്തിലൂടെ കുടിവെള്ളം ലാഭിക്കുന്നതിന് എന്തെല്ലാം ബോധവത്ക്കരണ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ | കുടിവെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിന്റെ ആവശ്യകതയെപ്പറ്റി കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (CCDU) നടത്തുന്ന പ്രചാരണ പരിപാടികൾക്ക് അനുബന്ധമെന്നോണം കേരള വാട്ടർ അതോറിറ്റിയും ജനബോധവൽക്കരണ പരിപാടികളിൽ പങ്കാളികളാകുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പുറമെ ജലത്തിന്റെ അമൂല്യത, ഫലപ്രദമായ ഉപയോഗം എന്നിവ സംബന്ധിച്ച സന്ദേശം ഉപഭോക്താക്കളിലേക്ക് എത്തിക്കാനും ശ്രമിക്കുന്നുണ്ട്.<br>താഴെത്തട്ടിലുള്ള ജനങ്ങളുമായി ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും പ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും ജനങ്ങളുടെയും സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങി ആരോഗ്യ ശുചിത്വ പോഷക സമിതികൾക്ക് പ്രത്യേക നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും (Ward Health Sanitation Nutrition Committee) ഉറപ്പു വരുത്തുന്നതിന് വാർഡ് മെമ്പറെ (സമിതി ചെയർമാൻ) ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.<br>സംസ്ഥാനം നേരിടുന്ന മഴക്കുറവിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ "Special sapling Planting Campaign" സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ആചരിക്കുക, Campaign Ambassador - നിശ്ചയിക്കുന്നതിനെക്കുറിച്ചും ആലോചനയിലുണ്ട്.<br>ജലസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്ന പഞ്ചായത്ത്/ |

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അവാർഡ് നൽകുന്ന കാര്യവും ആലോചനയിലുണ്ട്.

മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യക്തിഗത ജലസംരക്ഷണ മാർഗ്ഗങ്ങൾ (മഴവെള്ള സംഭരണി, മഴക്കുഴി, കിണർ റീചാർജ്ജിംഗ്) തുടങ്ങിയവ ജനങ്ങൾക്ക് കണ്ടു മനസ്സിലാക്കുന്നതിനായി മോഡലുകൾ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

വിവിധ മാധ്യമങ്ങളിലൂടെ പ്രസ്തുത വിഷയത്തിൽ ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി പരസ്യ പ്രചാരണം നടത്തുന്നതിനെ കുറിച്ചും അലോചിക്കുന്നുണ്ട്.

റോഡ് ഷോ, ശിൽപ്പശാലകൾ കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

പരിസ്ഥിതി ദിനം, ജലദിനം, ഭൗമദിനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ദേശീയ ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും അതിനെ വാർത്താ പ്രാധാന്യം ലഭിക്കാൻ വേണ്ട പരമാവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി | അത്തരം പദ്ധതികൾ വിജയകരമാണോ; വിശദീകരിക്കാമോ; | ബി | വിജയകരമാണ്. ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുവാനും ജലവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്ന പരിഹാരങ്ങൾക്കും ഇത്തരം ബോധവൽക്കരണ പരിപാടികൾ ഏറെ സഹായകരവുമാണ്. |
| സി | അല്ലെങ്കിൽ പ്രസ്തുത രംഗത്ത് പുതിയ എന്തെങ്കിലും പരിപാടി ആവിഷ്കരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി | ഇപ്പോൾ പരിഗണനയിലില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ